പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 557 27/07/2015 ൽ മറുപടിയ്ക്ക്

## പാഠപുസ്തക അച്ചടിയും വിതരണവും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :<br>ശ്രീ. രാജു എബ്രഹാം :<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. പുരുഷൻ കടലുണ്ടി : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സ്കൂളിലേക്കുള്ള ഐ.ടി. പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (എ) | 2015-16 അധ്യയന വർഷം 8, 9, 10 ക്ലാസ്സുകളിൽ മാത്രമാണ് ഐ.ടി പാഠ്യവിഷയമായിട്ടുള്ളത്. ഇൻഡന്റ് പ്രകാരം സ്കൂളുകൾ ആവശ്യപ്പെട്ട മുഴുവൻ പാഠപുസ്തകങ്ങളും അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. |
| ബി) ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ; | (ബി) | ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയാക്കി, ഓൺലൈനായി ഇൻഡന്റ് ലഭിച്ച സ്കൂളുകളിലേക്ക് പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയതായി ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർമാർ അറിയിച്ചിട്ടുണ്ട്. ഓൺലൈൻ അല്ലാതെ നേരിട്ട് ഇൻഡന്റ് നൽകിയ സ്കൂളുകളിലേക്കുള്ള പാഠപുസ്തക വിതരണം ഇപ്പോൾ നടന്നു വരുന്നു. |
| സി) ഇതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ഏകോപനത്തിലുണ്ടായ വീഴ്ച സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തൽ വിശദമാക്കാമോ ? | (സി) | ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ